# YOUTH VOICE

December 2013

*Merry Christmas &*

*Happy New Year*

A Publication of

**ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT**


ST. MARY'S INDIAN ORTHODOX CATHEDRAL

Kingdom of Bahrain.

For private circulation among Cathedral members only

# YOUTH VOICE

A Publication of
ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT
ST. MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.


19th Year of Publication

Issue 3/2013
December


Blessed New Year 2014


**Patron Saint**
St. Thomas The Apostle

**Patron**
H.H Baselios Marthoma Paulose II
(Catholicose of the East & Malankara Metropolitan)

**President**
Rev. Fr. Varghese Yohannan Vattaparampil

**Chief Editor**
Anu K. Varghese

**Editors**
Mathew Varghese
Lijo Thuruthel

**Concept, Graphics & Layout**
Jashen G. Simon

**Type Setting**
Abey Kallimel, Jibin John
Lijo Thuruthel

**Photos**
Diju John, Christy P. Varghese

**Printers**
Union Press


## ഉൾത്താളുകളിലൂടെ...


എഡിറ്റോറിയൽ....................3
പ്രസിഡന്റ് തിരുമേനിയിൽ നിന്നും....................4
ഇടയ സന്ദേശം....................6
ഹൃദയശുദ്ധിയുള്ളവരായിത്തീരുക....................7
സെക്രട്ടറിയിൽ നിന്നും....................8
ദൈവസ്നേഹം....................9
അഭി. തിരുമേനിയുമായുള്ള അഭിമുഖം....................10
പിന്നിട്ട പാതകളിലൂടെ....................11
സ്നാപ് ഷോർട്ട്സ് ....................19
സന്ദേശങ്ങൾ....................28
ഷെഫ് കോർണർ....................37
പത്ര താളുകളിൽ....................38
ബൈബിൾ ക്വിസ്സ്....................39



www.facebook.com/ocymbahrain

# എഡിറ്റോറിയൽ



സംഘർഷ പൂർണ്ണമായ നമ്മുടെ കാലഘട്ടത്തിൽ സമാധാനത്തിന്റെയും സൗമനസ്യത്തിന്റെയും വേറിട്ട ശബ്ദമായിരുന്നു ഡോ. നെൽസൺ മണ്ടേല. മനുഷ്യാവകാശങ്ങൾക്കും, ദേശീയ സ്വാതന്ത്ര്യത്തിനും വേണ്ടി ഇരുപതാം നൂറ്റാണ്ടിൽ നടന്ന ത്യാഗപൂർണ്ണമായ എല്ലാ സമരങ്ങളുടേയും ഒരു പൊതു പ്രതീകമായിരുന്നു 27 വർഷം ഇരുമ്പഴികൾക്കു പിന്നിൽ കഴിയേണ്ടി വന്ന മണ്ടേല.

വെള്ളക്കാരായ ഭരണാധികാരികൾ അദ്ദേഹത്തെ ശാരീരികമായും, മാനസികമായും തകർക്കാൻ ശ്രമിച്ചെങ്കിലും തളരാതെ ദക്ഷിണാഫ്രിക്കയിലെ കറുത്തവർഗക്കാരുടെ ന്യായമായ ആവശ്യങ്ങൾ അനുവദിച്ചു കിട്ടാൻ, വർണ്ണവെറിയുടേയും, അസ്വാതന്ത്ര്യത്തിന്റേയും ലോകത്തു നിന്ന് ആഫ്രിക്കൻ ജനതയെ സഹന സമരത്തിലൂടെ, നീണ്ട കാലത്തെ തടവറ വാസത്തിലൂടെ രക്ഷിച്ച ഇതിഹാസ നായകനാണ്. ഇരുണ്ട ഭൂഖണ്ഡത്തിൽ സമത്വത്തിന്റെ പ്രകാശം പരത്തിയ ആഫ്രിക്കയുടെ മഹാത്മാവും, ആധുനിക ഗാന്ധിയുമായ മണ്ടേല. ജീവിത മാതൃക കൊണ്ട് തലമുറകൾക്ക് പ്രചോദനവും, നീതിയ്ക്കും, ജന നന്മയ്ക്കും എന്നും മുൻഗണന നൽകിയ സത്യാന്വേഷകനായ മണ്ടേല..... ലോകജനതയുടെ ഹൃദയം തൊട്ട ഇതിഹാസമായിരുന്നു.

സ്വാതന്ത്ര്യ പോരാട്ടത്തിന്റെ ചരിത്രപുസ്തകമായി മാറിയ ‘മാഡിബായുടെവേർപാട്’ ലോകമെങ്ങും ഒരേ വികാരത്തോടും വേദനയോടും കൂടിയാണ് ഏറ്റെടുത്തത്. എല്ലാ വിഭാഗം ജനങ്ങളുടേയും ആദരവിനും സ്നേഹത്തിനും പാത്രമായ അദ്ദേഹത്തിന്റെ തിരോധാനം വലിയൊരു നഷ്ടബോധമാണ് ലോകത്തിനു മുമ്പിൽ വെയ്ക്കുന്നത്........

എല്ലാ മനുഷ്യരും തുല്യാവകാശത്തോടെയും സൗഹാർദത്തോടെയും ഒത്തൊരുമിച്ചു ജീവിക്കുന്ന സ്വതന്ത്ര ജനാധിപത്യ സമൂഹം എന്ന സങ്കൽപ്പം യാഥാർത്ഥ്യമായി കാണാനും അതിൽ ജീവിക്കാനും ആഗ്രഹിച്ച ആ മഹാത്മാവിനു മുമ്പിൽ പ്രണാമം.

ബഹറിൻ സെന്റ് തോമസ് യുവജനപ്രസ്ഥാനത്തിനു വേണ്ടി,

2013 യൂത്ത് വോയ്സ് എഡിറ്റോറിയൽ ബോർഡ്.



അനു. കെ, വർഗീസ്
ചീഫ് എഡിറ്റർ





മാത്യൂ വർഗീസ്    ലിജോ തുരുത്തേൽ
എഡിറ്റേഴ്സ്

# THE ORTHODOX CHRISTIAN YOUTH MOVEMENT OF THE EAST

Yuhanon Mar Policarpos Metropolitan
President, Orthodox Youth Centre
St.Thomas Bhavan
Old Seminary Road,Kottayam – 686 001

P.B.No.61,
Thrikkunnathu Seminary, Aluva, 683 101
Tel: 0484-2624339, Fax: 0484-2622339
Email: marpolicarpos@yahoo.com



പരിശുദ്ധ ഓർത്തഡോക്സ് സഭയുടെ യുവജന പ്രസ്ഥാനത്തിൻെറ പ്രസിഡൻറ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായിൽ നിന്നും.

പ്രിയരേ,

ബഹറിനിലെ മണലാരണ്യത്തിൽ കഷ്ടപ്പെടുകയും പ്രയാസപ്പെടുകയും ചെയ്യുന്നു എങ്കിലും ഉടയവനെയും സഭയെയും മറക്കാത്ത പരിശുദ്ധ ഓർത്തഡോക്സ് സഭയുടെ അരുമ സന്താനങ്ങളായ യുവജനപ്രസ്ഥാന അംഗങ്ങൾക്ക് ക്രിസ്തുമസ്സിൻെറയും, പുതുവത്സരത്തിൻെറയും ആശംസകൾ നേരുന്നു. നിങ്ങളുടെ ഇടവകയുടെ പാരിഷ് ആനുവൽ ഡേയോടനുബന്ധിച്ച് ഇറക്കുന്ന 'ഓർത്തഡോക്സ് യൂത്ത് വോയ്സിന്' മംഗളാശംസകൾ നേർന്നു കൊണ്ട് ചില ക്രിസ്തുമസ് ചിന്തകൾ കുറിക്കട്ടെ.

## നക്ഷത്രവും ജ്യോതിഷ പണ്ഡിതന്മാരും

യഹൂദന്മാരുടെ രാജാവായി പിറന്നവൻെറ നക്ഷത്രം കണ്ടാണ് കിഴക്കു നിന്ന് വിദ്വാന്മാർ യെരുശലേമിൽ എത്തിയത്. യെരുശലേമിൽ എത്തുന്നതു വരെ അവർ നക്ഷത്രം കാണിച്ച പാതയിലൂടെയാണ് സഞ്ചരിച്ചത്. നക്ഷത്രം കാട്ടികൊടുത്ത പാത തിരിച്ചറിയണമെങ്കിൽ പരിശുദ്ധാത്മാവിൻെറ കൃപയിലൂടെ അവർക്ക് അപാര പാണ്ഡിത്യം ഉണ്ടായിരുന്നിരിക്കണം. യെരുശലേമിൽ എത്തുന്നതുവരെ അവർ നക്ഷത്രത്തെ ലാക്കാക്കി യാത്ര ചെയ്തു. അവിടെ ചെന്നു കഴിഞ്ഞപ്പോൾ മാനുഷികമായ ഒരു ബലഹീനത അവർക്ക് സംഭവിക്കുന്നു. നക്ഷത്രമാകുന്ന ഗൈഡിനെ അവർ മറക്കുന്നു. താൽക്കാലിക ബുദ്ധിയിലുദിച്ച ചിന്തയിലേക്ക് അവർ തിരിയുന്നു. രാജാവ് പിറക്കണമെങ്കിൽ അത് രാജകൊട്ടാരത്തിൽ ആയിരിക്കണമല്ലോ. അവർ കൊട്ടാരത്തിൽ എത്തി, വിവരം അന്വേഷിക്കുന്നു. കൊട്ടാരവും അന്തേവാസികളും അനുചരന്മാരും ഞെട്ടുന്നു. അവർ രാജ്യത്തുള്ള വിദ്വാന്മാരെ വിളിച്ചുവരുത്തി വിവരം അന്വേഷിക്കുന്നു.

തങ്ങൾ വന്ന സ്ഥലം തെറ്റിയെന്ന് മനസ്സിലാക്കിയ വിദ്വാന്മാർ പുറത്തിറങ്ങിയപ്പോൾ കണ്ട കാഴ്ച അവരെ നയിക്കുവാൻ തയ്യാറായി നിൽക്കുന്ന നക്ഷത്രത്തെയാണ്. അവരുടെ താൽക്കാലികമായ അശ്രദ്ധ, മാനുഷിക ചിന്ത, പിന്നീട് നയിക്കപ്പെട്ടത് നൂറു കണക്കിനു കുഞ്ഞുങ്ങളുടെ അതിദാരുണമായ മരണത്തിലേക്കാണ്. അതുകൊണ്ട് പിതാക്കന്മാർ എഴുതി

”.................അലസത ലേശം ബാധിച്ചാൽ
അശുഭ വഴിക്ക് വശംവദനായ്
സ്വാത്മത്തെ – സ്വയമേ നിഹനിക്കും.“

*Message*

ഉൽപത്തി പുസ്തകം 12–ാം അദ്ധ്യായം വായിക്കുമ്പോൾ ദൈവം കാണിക്കുവാൻ ഇരിക്കുന്ന ദേശത്തേക്ക് പുറപ്പെട്ട അബ്രഹാമിനെയും കുടുംബത്തെയും പരിവാരങ്ങളെയും, സഹോദരപുത്രനായ ലോത്തിനേയും പരിവാരത്തെയും കാണാം. കൂടാരം അടിക്കുന്നതോടൊപ്പം യഹോവയ്ക്കു യാഗപീഠം പണിയുന്ന അബ്രഹാമിനെ 7,8 വാക്യങ്ങളിൽ വരച്ചു കാട്ടുന്നു. അത് അബ്രഹാമിൻെറ ജീവിതത്തിലെ ഒഴിച്ചു കൂടാൻ പറ്റാത്ത സ്വഭാവവൈശിഷ്ട്യമായിരുന്നു.

13–ാം അദ്ധ്യായത്തിൽ പ്രവേശിക്കുമ്പോൾ സമ്പൽ സമൃദ്ധി നിമിത്തം വേർപിരിയാനൊരുങ്ങുന്ന പ്രിയപ്പെട്ടവരായ അബ്രഹാമും ലോത്തും. ലോത്തിനോട് ഇഷ്ടമുള്ളത് എടുത്ത് വേർപിരിയുവാൻ അബ്രഹാം ആവശ്യപ്പെടുന്നു. 13:10 –ൽ യഹോവയുടെ തോട്ടം പോലെയുള്ള സോദോം ഗോമോറായെ ലോത്ത് കാണുകയും അവിടം തൻെറ കൈവശമാക്കുകയും ചെയ്യുന്നു. ആ പോക്ക് അനേകം നാശത്തിൻെറ കീൽകുഴികൾ ഉള്ള സിദ്ധിം താഴ്‌വരയെത്തുന്നു. സോദോം ഗോമോറ ദൈവത്തിൻെറ തോട്ടം പോലെ ഇരുന്നു എങ്കിലും അവിടുത്തെ മനുഷ്യർ മഹാദുഷ്ടന്മാർ ആയിരുന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അവരുടെ മുഖ്യ ആകർഷണം നാശത്തിൻെറ സ്വവർഗ്ഗരതിയുമായിരുന്നു. എന്നാൽ അബ്രഹാം പിതാവ് തൻെറ ഉടയവനെ 'ഉറുമ്പടക്കം' പിടിച്ച് മുന്നോട്ട് പോകുകയും മമ്രെയുടെ തോപ്പിൽ യാഗപീഠം പണിത് ആരാധിക്കുകയും ചെയ്യുന്നു. ലോത്ത് നാശത്തിൻെറ കീൽകുഴികളിലേക്കും അബ്രഹാം ദൈവത്തെ മുറുകെ പിടിച്ച് ദൈവം നയിക്കുന്ന പാതയിലൂടെയും പോകുന്നു.

മലയാളത്തിൻെറ ഏറ്റവും ശ്രദ്ധേയനായ കവി ചങ്ങമ്പുഴ തൻെറ ശ്രേഷ്ഠ ഗുരുവായ ജി. ശങ്കരക്കുറുപ്പിന് അവസാനം എഴുതുന്ന കത്തിൽ ലോകത്തിൻെറ ശ്രേയസ്സിൽ ആശ്രയിച്ചു പോയതിൻെറ പരിണിതഫലവും അതുണ്ടാക്കിയ നാശവും വരച്ച് കാട്ടുന്നു. അതിൽ നിന്നും രക്ഷപെടുവാൻ ആഗ്രഹിക്കുന്ന നമ്മുടെ മലയാളത്തിൻെറ പ്രിയങ്കരനായ കവിയെ കാണാം.

2 ദിനവൃത്താന്തം 18,19,20 അദ്ധ്യായങ്ങൾ വായിക്കുമ്പോൾ ധനവും മാനവും വർദ്ധിച്ചപ്പോൾ ദുഷ്ടനായ ആഹാബിനോട് കൂട്ടുകൂടുന്ന യഹോശാഫാത്തിനെയും തന്മൂലം ഉണ്ടായ ദുരവസ്ഥയും നമുക്കു കാണാം. നമ്മുടെ കൊച്ചുകേരളം 'ദൈവത്തിൻെറ സ്വന്തം നാടാണ്' ധനവും പ്രതാപവും വർദ്ധിച്ചു പോയതു കൊണ്ടാണോ, ആവോ, നാശത്തിൻെറ കീൽക്കുഴികളിലേക്ക് കാലുകൾ നീട്ടി വയ്ക്കുന്ന യുവതലമുറകളെകുറിച്ച് വാർത്താ മാധ്യമങ്ങൾ വരച്ചു കാണിക്കുന്നു.

നമുക്ക് ദൈവാത്മ ചിന്തയോടെ പരിശുദ്ധാത്മാവ് നയിക്കുന്ന പാതയിലൂടെ മുമ്പോട്ടു പോകുവാൻ തയ്യാറെടുക്കാം.

ഈ ക്രിസ്തുമസ് ദിനങ്ങളിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

YUHANON MAR POLICARPOS.




റവ. ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ

(വികാരി & പ്രസിഡന്റ്)


# ഇടയസന്ദേശം

കർത്താവിൽ പ്രിയരെ,

,

നമ്മുടെ അനുദിന ജീവിതത്തിന്റെ ഉത്തരവാദിത്വം ദൈവം നമ്മെത്തന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ദൈവം കാണിച്ചുതരുന്ന പാതയിൽ അവിടുത്തോടു ചേർന്നു നിന്നു കൊണ്ടു മുന്നോട്ടു പോകണമെന്നാണ് അവിടുത്തെ ആഗ്രഹം.

എന്നാൽ, അങ്ങനെ ദൈവം കാണിച്ചു തരുന്ന പാതയിലൂടെ നടക്കാൻ എപ്പോഴും സൻമനസു കാണിക്കുന്നവരാണോ നമ്മൾ? നമ്മുടെ ആഗ്രഹമനുസരിച്ച് നമുക്ക് ഇഷ്ടമുള്ള വഴികളിലൂടെ മുന്നോട്ടു പോകാനാണ് നമ്മിൽ പലരും പലപ്പോഴും ശ്രമിക്കുന്നത്.

ദൈവം നമ്മെ ഓരോരുത്തരെയും സൃഷ്ടിച്ചിരിക്കുന്നത് ഓരോ പദ്ധതിയോടു കൂടിയാണ്. ബൈബിളിൽ അനുസ്മരിപ്പിക്കുന്നതുപോലെ, നമ്മുടെ നൻമയ്ക്കായുള്ള പദ്ധതിയാണിത്. ആ പദ്ധതിയൊക്കെ അതനുസരിച്ച് നമ്മൾ നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തണം.

ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജീവിതത്തിന്റെ ഉത്തരവാദിത്വം നമുക്ക് അംഗീകരിക്കാം. ദൈവം ആഗ്രഹിക്കുന്ന പാതയിൽ നമ്മുടെ ജീവിതത്തെ നമുക്കു നയിക്കാം. നമ്മുടെ ജീവിതയാത്രയിൽ എന്തെങ്കിലും കുറ്റങ്ങളും കുറവുകളും ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു ദൈവത്തോടു നമുക്കു മാപ്പപേക്ഷിക്കാം.

ദൈവം നമുക്കു നൽകിയിരിക്കുന്ന ജീവിതം നമ്മുടെ നൻമയ്ക്കു മാത്രമായി നൽകിയിരിക്കുന്ന ജീവിതമാണ് എന്നതു നമുക്ക് ഓർമിക്കാം. അതനുസരിച്ച് നമ്മുടെ ജീവിതത്തെ അവിടുന്ന് കാണിച്ചുതരുന്ന വഴിയേ സസന്തോഷം നമുക്കു നയിക്കാം.

നിങ്ങൾക്കേവർക്കും നന്മയുടേയും സമൃദ്ധിയുടേയും ഒരു പുതുവത്സരം നേർന്നു കൊണ്ട്,

സ്നേഹപൂർവ്വം,


വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ അച്ചൻ

email : vattaparampilachen@gmail.com

ബിനു. എം. ഈപ്പൻ

വൈസ് പ്രസിഡന്റ്



Message

# ഹൃദയശുദ്ധിയുള്ളവരായിത്തീരുക....

പുതുവർഷത്തെ ആദരപൂർവ്വം സ്വീകരിക്കാൻ നോക്കിപ്പാർക്കുന്ന നാമേവരും ഹൃദയശുദ്ധിയുള്ളവരായിത്തീരുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. യഥാർത്ഥ മനുഷ്യ ജീവിതം എന്നത് സഹജീവികളെ സഹായിക്കുകയും മറ്റുള്ളവരുടെ സന്തോഷത്തിനുമായിരിക്കണം, അല്ലാതെ അതീവ ദുഃഖത്തിന്നായിട്ടായിരിക്കരുത്. മറ്റുള്ളവരെ വെറുക്കാനോ അവജ്ഞാപൂർവ്വം കാണുവാനോ നാം ശ്രമിക്കരുത്. അതിമനോഹരമായ ഈ ലോകം വളരെ വലുതാണ്. മനുഷ്യ ജീവിതം സന്തോഷവും സമാധാനവും ഉള്ളതായിരിക്കണം. എന്നാൽ ആ സാഹചര്യം നമ്മൾ തന്നെ നശിപ്പിക്കുന്നു. അത്യാർത്തി വിഷം നിറഞ്ഞ ആത്മാവായി മുമ്പോട്ടു പോകുവാൻ സാധിക്കാതെ മൂഢനായി, അനാഥനായ മനുഷ്യന്റെ പാതയിൽ രക്തം വാർന്നവനായി നിന്നു പോകുന്നു. നമ്മൾക്ക് ഹൃദയം നിറഞ്ഞു കൊടുക്കുവാൻ ആഗ്രഹമുണ്ട് എങ്കിലും നമ്മൾ തന്നെ അതിന് തടസ്സം സൃഷ്ടിക്കുന്നു. നമ്മളിലുള്ള വിവിധങ്ങളായ കഴിവുകളേക്കാളും നമ്മളിൽ ദയയാലുത്വവും എളിമയും ഉണ്ടായിരിക്കണം. ഇതില്ലാത്ത ജീവിതങ്ങൾ ഹിംസാത്മകമായതായിരിക്കും.

വാർത്താ മാധ്യമങ്ങളും ഇൻറർനെറ്റും എല്ലാം ജനങ്ങൾ തമ്മിലുള്ള അകലം കുറച്ചു. ഇതിനു പിന്നിൽ ധനാധിഷ്ടിതമായ ലാഭമാണെങ്കിലും ഉള്ളിന്റെ ഉള്ളിൽ ഇത് വിളംബരം ചെയ്യുന്നത് ഹൃദയത്തിന്നുള്ളിൽ നിന്നും വന്ന ആ സദ്ഗുണമാണ്. ജനങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കുക എത്ര അകലെയുള്ള സഹോദരനേയും സഹോദരിയേയും അരികിലെത്തിക്കുന്ന ഈ സ്നേഹം.

കഴിഞ്ഞ ഒരു വർഷക്കാലം ഈ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് വൈസ് പ്രസിഡണ്ടായിരിക്കുവാനും ആരാധന, പഠനം, സേവനം എന്നീ ആപ്തവാക്യങ്ങളെ മുറുകെപ്പിടിച്ച് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാനും സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായ സഹകരണങ്ങളും നൽകിത്തന്ന ബഹു. ജേക്കബ്ബ് കോശിയച്ചൻ, വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിലച്ചൻ, 2013 മാനേജിംങ്ങ് കമ്മിറ്റി അംഗങ്ങളോടും നല്ലവരായ ഇടവകജനങ്ങളോടും ഒറ്റവാക്കിൽ നന്ദി രേഖപ്പെടുത്തുന്നു.

2014 വർഷത്തെ ചുക്കാൻ പിടിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ഏവർക്കും പുതുവത്സരാശംസകൾ നേർന്നു കൊണ്ട്,

ബിനു.എം.ഈപ്പൻ
വൈസ് പ്രസിഡണ്ട്

Message



**ഷിബു. സി. ജോർജ്**

സെക്രട്ടറി

# സെക്രട്ടറിയിൽ നിന്നും..........

ബഹറിൻ സെൻ്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 2013 വർഷത്തെ സെക്രട്ടറിയാകുവാൻ ഭാഗ്യം ലഭിച്ചതിൽ ദൈവത്തിന് സ്തുതി കരേറ്റുന്നു.

ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങളോടെ ഒരു വർഷം കൂടി നമ്മളിൽ നിന്ന് കടന്നുപോകുന്നു. ഇദംപ്രദമായി പല വ്യത്യസ്ത പ്രവർത്തനങ്ങളും ഈ വർഷം നടത്തുവാൻ സാധിച്ചു എന്ന ആത്മവിശ്വാസത്തിലാണ് 2013 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി പടിയിറങ്ങുന്നത്.

പ്രസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി 170 ൽപരം ആളുകളെ പങ്കെടുപ്പിച്ച് സൽമാനിയ മെഡിക്കൽ കോളേജിൽ നടത്തിയ **രക്തദാനക്യാമ്പ്..... 'കൊയ്നോണിയ'** ചാരിറ്റിപ്രവർത്തനത്തിലൂടെ ആദ്യമായി ഒരു വർഷം 43 കുട്ടികൾക്ക് ഹൃദയശസ്ത്രക്രിയയ്ക്കു ധനസഹായം നൽകുവാൻ സാധിച്ചത്.... പ്രസ്ഥാനം അംഗങ്ങളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുവാൻ നടത്തിയ **'സർഗോത്സവ് '13....** കഴിഞ്ഞ 8 വർഷക്കാലമായി ഇടവകാംഗങ്ങളെ ഉൾപ്പെടുത്തി നടത്തിവരുന്ന **'സ്മൃതി കലാമേള'**...

Harvest Festival 2013-ലൂടെ നടത്തിയ **Bed Sheet Collection-** ൽ ഈ വർഷം Record Collection നേടിയെടുക്കുവാൻ സാധിച്ചത്... **സ്നേഹദൂത്** ചാരിറ്റി പ്രോജക്ടിലൂടെ ക്രിസ്തുമസ് ദിനത്തിൽ തിരുവനന്തപുരം കാരുണ്യാ ഭവനിൽ നടത്തിയ സ്വാദ് ഭോജനം.... ഇടവകാംഗങ്ങളെ ഉൾപ്പെടുത്തി നടത്തിയ **വിശുദ്ധനാട് തീർത്ഥാടനം**.....

ഇടവകാംഗങ്ങൾ ഏവരും ഒന്നടക്കം ഹൃദയപൂർവ്വം ഏറ്റുവാങ്ങി, പ്രസ്ഥാനം ആദ്യമായി നടത്തിയ **'ലേബർ ക്യാമ്പ് സന്ദർശനം'....** നമ്മുടെ ഇടവകയിൽ ആദ്യമായി നടത്തപ്പെട്ട **KCEC Ecumenical Youth Conference**....

പരി. കാതോലിക്കാബാവ, അഭി. തിരുമേനിമാർ, പ്രസ്ഥാനത്തിനു ധീരമായ നേതൃത്വം നൽകിയ ബഹു. വർഗീസ് യോഹന്നാൻ അച്ചൻ, ബഹു. ജേക്കബ് കോശിയച്ചൻ, കത്തീഡ്രൽ മാനേജിംഗ് കമ്മിറ്റി, എല്ലാ പ്രവർത്തനങ്ങളും അതിന്റെ പരമോന്നത വിജയത്തിലെത്തുവാൻ എക്സിക്യൂട്ടീവ് കമ്മറ്റിയോടൊപ്പം നിന്നു നേതൃത്വം നൽകിയ എല്ലാ കോർഡിനേറ്റേഴ്സിനോടും കൺവീനേഴ്സിനോടും പ്രസ്ഥാനത്തിലെ എല്ലാ സഹപ്രവർത്തകരോടും, പ്രസ്ഥാന അംഗങ്ങളെ കൂടാതെ എന്നും പ്രസ്ഥാനത്തോടൊപ്പം നിലനിന്ന എല്ലാ അഭ്യുദയ കാംക്ഷികളോടും.,

യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഇടവകാംഗങ്ങളുമായി പങ്കുവയ്ക്കാൻ ഉതകുന്ന പ്രസ്ഥാനത്തിന്റെ വാർത്താ പത്രികയായ 'യൂത്ത് വോയ്സിന്റെ' അണിയറയിൽ പ്രവർത്തിച്ച എഡിറ്റോറിയൽ ബോർഡിനോട്...

പ്രസ്ഥാനത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളും ഇരുകൈകളും നീട്ടി സ്നേഹപൂർവ്വം നെഞ്ചിലേറ്റിയ ഇടവകയിലെ എല്ലാവരോടും...ഏവരേയും, സ്നേഹപൂർവ്വം നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കുന്നു.

ഏവർക്കും നൻമ നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ നേർന്നു കൊള്ളുന്നു.

സ്നേഹപൂർവ്വം,

**ഷിബു സി. ജോർജ്**

**സെക്രട്ടറി**

ക്രിസ്റ്റി. പി. വർഗീസ്
ട്രഷറർ



# ദൈവ സ്നേഹം

മറ്റുള്ളവരെ നമ്മെപ്പോലെ കാണുക എന്നത് ദൈവീക സ്നേഹത്തിന്റെ ഉദാത്തമായ പ്രമാണമാണ്. ഇത് നിയമം കൊണ്ടോ അധികാരം കൊണ്ടോ അടിച്ചേൽപ്പിച്ച് സാധ്യമാക്കാവുന്ന ഒന്നല്ല, മറിച്ച് ദൈവ സ്നേഹവും ദൈവചൈതന്യവും ഹൃദയത്തിൽ അങ്കുരിക്കുമ്പോൾ മാത്രം സാധ്യമായിത്തീരുന്ന ഒരു അമൂല്യ പ്രമാണമാകുന്നു. ഏതൊരുവന്റേയും സമാധാനം കൈവരുത്തുന്നതിനുള്ള ഒരു ചൂണ്ടുപലക യാണ് ദൈവീക പ്രമാണം. ദൈവസ്നേഹത്തെപ്പറ്റി പറഞ്ഞാൽ തീരാത്തതാണ്.

അനീതി നടമാടുന്ന ഈ മണ്ണിൽ നാം എത്രകാലം ജീവിക്കുന്നുവോ അത്രയും നാളും നമ്മളാൽ ആകാവുന്ന ഏത് പ്രവർത്തനവും അതാത് സമയത്ത് സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുന്നതും സ്വന്ത ആത്മാവിനെ പരിപോഷിപ്പിക്കുന്നതുമായവ നേരോടും വിശുദ്ധിയോടെയും ചെയ്തു തീർക്കുക. 2013 കാലഘട്ടത്തിൽ ഇത്തരത്തിൽ ചിലതെല്ലാം ചെയ്യുവാൻ പ്രസ്ഥാനത്തിന് സാധിച്ചു എന്നതിൽ അഭിമാനിക്കുന്നു

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

ക്രിസ്റ്റി പി. വർഗീസ്
ട്രഷറർ

## അഭിനന്ദനങ്ങൾ..............

2014 -ലെ ഇടവക മാനേജിംഗ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ലിജിൻ ഡാനിയേൽ, ശ്രീ. ബോണി മുളപ്പാംപള്ളിൽ എന്നിവർക്ക് യുവജന പ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ....

## New Members

Rony K. Bahanan
Pramod Varghese
Jubin Thomas
Manu V. Philip
Sibin Babu
Paul Varghese
Subin P. Luke
Saji M. Philip
Soumya Manu

## അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയുമായി യൂത്ത് വോയ്സ് ചിഫ് എഡിറ്റർ ശ്രീ. അനു. കെ. വർഗീസ് നടത്തിയ അഭിമുഖം

അഭി. തിരുമനസിന്റെ കുടുംബത്തെക്കുറിച്ച്.

ഞാൻ മാമോദീസാ മുങ്ങിയത് തിരുവല്ലാ കല്ലൂപ്പാറ സെന്റ് മേരീസ് വലിയ പള്ളിയിലാണ്. 6-7 വർഷത്തിനുശേഷം എന്റെ പിതാവ് പാലക്കാട് വടക്കഞ്ചേരിയിലേക്ക് താമസമാക്കി. പിതാവിന്റെ സഹോദരിയും കുടുംബവും അവിടെയായിരുന്നു. പിന്നീട് പിതാവിന്റെ സഹോദരങ്ങളും ആ സ്ഥലത്തേക്ക് പോയി. ഇപ്പോൾ പ്രത്യേകിച്ച് തിരുവല്ലായിൽ ബന്ധത്തിൽ പെട്ടവർ ആരും തന്നെ ഇല്ലായെന്നു പറയാം. എനിക്ക് 3 സഹോദരൻമാരും ഒരു സഹോദരിയുമാണ് അവരെല്ലാം തന്നെ ഇപ്പോൾ ആ പ്രദേശത്താണ്. അടിസ്ഥാനപരമായി എല്ലാവരും കൃഷിക്കാരാണ്.

? അഭി. തിരുമനസിന്റെ പ്രവർത്തന മേഖലകളിൽ കൊച്ചിൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടറിൽ നിന്നും **OCYM** ന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ എന്തു തോന്നി.

ഞാൻ ആദ്യം വടക്കഞ്ചേരിയിൽ വാണിയംപാറ പള്ളിയിലായിരുന്നു അച്ചനായി സേവനം അനുഷ്ഠിച്ചിരുന്നത്. അവിടെ വച്ച് അവിടുത്തെ യുവജനപ്രസ്ഥാന അംഗങ്ങളാണ് പള്ളിപണിയ്ക്കായി എന്നെ ഒരുപാട് സഹായിച്ചത്. അങ്ങനെ ആ സമയത്ത് നല്ലോരടുപ്പം എനിക്കവരോടായി. അതിനു ശേഷം ഫരീദാബാദിൽ ആയിരുന്നപ്പോഴും, എറണാകുളത്തു വച്ചും കോലഞ്ചേരി ഹോസ്പിറ്റലിൽ ആയിരുന്നപ്പോഴൊക്കെ യൂത്തിനോടൊപ്പം ആയിരുന്നു എന്റെ പ്രവർത്തനം. വെട്ടിക്കൽ ദയറായിലും അങ്ങനെയായിരുന്നു. അവിടെ എന്നോടൊപ്പം വി. മദ്ബഹായിൽ ശുശ്രൂഷ അനുഷ്ഠിക്കുവാൻ 15-ൽപരം ചെറുപ്പക്കാർ തന്നെയുണ്ടായിരുന്നു. സൺഡേസ്കൂൾ ഡയറക്ടറായിരുന്നപ്പോഴും. പ്രവർത്തിച്ച തലങ്ങളിലൊക്കെ, അവിടെയുള്ള യുവാക്കളുമായി നല്ലൊരു ബന്ധം പുലർത്തിയിരുന്നു. സത്യത്തിൽ ചെറുപ്പക്കാർ എന്നെ ചൂഷണം ചെയ്തുപോകുന്നുണ്ടോയെന്നറിയില്ല. എങ്കിൽ തന്നെയും നേരത്തെ മുതൽ യുവാക്കളോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് താൽപര്യമായിരുന്നു. അവരുടെ ചുമതല കിട്ടിയതിൽ സങ്കടമില്ല. കോ-ഓർഡിനേറ്ററായി അവരോടൊപ്പം പ്രവർത്തിക്കാൻ അവസരം കിട്ടിയതിൽ സന്തോഷമുണ്ട്

? ആരാധന, പഠനം, സേവനം എന്നീ ആപ്ത വാക്യങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഈ തലമുറയിലെ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ അഭി. തിരുമേനി സംതൃപ്തനാണോ..



എന്റെ ചെറുപ്പക്കാരെക്കുറിച്ച് ഞാൻ അഭിമാനമുള്ളവനാണ്. എന്തെന്നാൽ ഏതൊരു ഇടവകയുടെയും ഉന്നമനത്തിനും പിന്നിലുള്ള കാരണം അവിടുത്തെ യുവാക്കളുടെ വിയർപ്പിന്റെ ഫലമാണ്.

ആരാധന, പഠനം, സേവനം എന്നീ മൂന്ന് കാര്യങ്ങളും ഒരുപോലെ ഉൾപ്പെടുത്തി പോകണം. സേവനത്തിൽ എല്ലാ യുവാക്കളും തൽപരരാണ്. അതു മാത്രമല്ല വേണ്ടത്, അതിനോടൊപ്പം തന്നെ ആരാധനയും പഠനവും വേണം. നാട്ടിലെ യുവാക്കളെ നോക്കുകയാണെങ്കിൽ 12-ാം ക്ലാസിലെ പഠനത്തിനുശേഷം ഉപരിപഠനത്തിനായി മറ്റ് സ്ഥലങ്ങളിലേക്ക് പോകുമ്പോൾ എന്തെങ്കിലും പ്രയാസം അനുഭവപ്പെടുന്ന സമയത്ത്, ഏതെങ്കിലും പാശ്ചാത്യ സഭയിലെ ആളുകൾ വന്ന് അവനെ ആശ്വസിപ്പിക്കുകയും, പറഞ്ഞ് പഠിപ്പിക്കുകയും ചെയ്യും. അവൻ അതേപടി അത് വിശ്വസിക്കുകയും ചെയ്യും. എന്നാൽ നമ്മുടെ സഭാകാര്യങ്ങളും വിശ്വാസങ്ങളും പഠിച്ച ഒരു യുവാവിന് അങ്ങനെയൊരു പ്രയാസം അനുഭവപ്പെടുകയില്ല.

ആരാധനയില്ലാതെ സാമൂഹിക പ്രതിബദ്ധതയില്ല. ആരാധനയും, പഠനവും വന്നാൽ സേവനം നടത്താതിരിക്കാൻ പറ്റില്ല. അതുപോലെ പഠിക്കുമ്പോഴെ മനസിലാവുകയുള്ളൂ സമൂഹത്തിലെ കുറവുകളും കുറ്റങ്ങളും എന്തെന്ന്. ആരാധന, പഠനം, സേവനം....... ഈ മൂന്ന് ലക്ഷ്യങ്ങളും ഒരുപോലെ നിർവഹിക്കുവാൻ യുവാക്കൾ ശ്രദ്ധിക്കണം.

തുടർച്ച.........പേജ് 32

# പിന്നിട്ട പാതകളിലൂടെ....

Report

ബഹറിൻ സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 2013 വർഷത്തെ പ്രവർത്തനങ്ങളിലേക്ക് ഒരു തിരിഞ്ഞു നോട്ടം......

ആരാധന, പഠനം, സേവനം എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ അധിഷ്ഠിതമായി ഈ പ്രസ്ഥാനം ഈ ഇടവകയിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

### (1) പ്രവർത്തന ഉദ്ഘാടനം

യുവജന പ്രസ്ഥാനത്തിന്റെ 2013 വർഷത്തെ പ്രവർത്തന ഉദ്ഘാടനം ജനുവരി 2-ാം തീയതി വി. കുർബാനയ്ക്കു ശേഷം പ്രസ്ഥാനം പ്രസിഡന്റ് ജേക്കബ് കോശിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൊട്ടാരക്കര - പുനലൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തേവദോറസ് തിരുമേനി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.



### (2) ബൈബിൾ റീഡിംഗ് കാർഡ്

ഇടവക ജനങ്ങൾക്ക് വി. വേദപുസ്തകം ക്രമമായി വായിക്കുവാൻ സഹായിക്കുന്ന 2013 വർഷത്തെ ബൈബിൾ റീഡിംഗ് കാർഡ് പുറത്തിറക്കുവാനും, അത് ഇടവക ജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുവാനും സാധിച്ചു. ഇതിന്റെ കോർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ. ഡിജു ജോണിനോടുള്ള നന്ദി അറിയിക്കുന്നു.



### (3) പ്രസംഗ മത്സരം

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ 7-ാമത് ഓർമ്മയോടനുബന്ധിച്ച് 'ഒരു ക്രിസ്തുമസ് സന്ദേശം' എന്ന വിഷയത്തെ ആസ്പദമാക്കി ജനുവരി 24-ാം തീയതി പ്രസംഗമത്സരം സംഘടിപ്പിക്കുവാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു.



### (4) മെമ്പർഷിപ്പ് ക്യാമ്പയിൻ

ഫെബ്രുവരി മാസം മുതൽ നടത്തിയ മെമ്പർഷിപ്പ് ക്യാമ്പയിനിൽ കൂടി 18 പുതിയ അംഗങ്ങളെ പ്രസ്ഥാനത്തിന്റെ ഭാഗമാക്കുവാൻ സാധിച്ചു. ഇപ്പോൾ ഏകദേശം 140 ൽപരം യുവതീ യുവാക്കൾ പ്രസ്ഥാനത്തിൽ അംഗങ്ങളായിട്ടുണ്ട്. ഇതിന്റെ കോർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ. സാംജി സാമുവേലിനോടുള്ള നന്ദി അറിയിക്കുന്നു.

### (5) മൂന്ന് നോമ്പ് ധ്യാനം

വി. മൂന്ന് നോമ്പിൽ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജനുവരി 22-ാം തീയതി ഒരു ധ്യാനയോഗം നടത്തുകയുണ്ടായി. ധ്യാനത്തിന് റവ. ഡോ. ഗീവർഗ്ഗീസ് കെ. നേതൃത്വം നൽകി.

### (6) ജോബ് സെൽ

പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ജോബ് സെല്ലിന്റെ പ്രവർത്തനം ഈ വർഷവും വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു.

ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ. ബിനോജ് മാത്യുവിനോടുള്ള നന്ദി അറിയിക്കുന്നു.

### (7) നാഗ്പൂർ സെമിനാരി ഫ്രണ്ട്ഷിപ്പ്

സഭയുടെ സെമിനാരി പ്രവർത്തനങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി നാഗ്പൂർ സെമിനാരി ഫ്രണ്ട്ഷിപ്പിൽ അംഗമാകുവാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു.

## പിന്നിട്ട പാതകളിലൂടെ....

### (8) സോഷ്യൽ മീഡിയ അക്കൗണ്ട്

യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി സോഷ്യൽ മീഡിയ ആയ ഫേസ്ബുക്കിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു. ഫെബ്രുവരി 9-ാം തീയതി ബഹുമാനപ്പെട്ട ജേക്കബ് കോശിയച്ചൻ ഫേസ്ബുക്ക് അക്കൗണ്ട് ലോഞ്ച് ചെയ്തു. **www.facebook.com/ocymbahrain** സന്ദർശിക്കുക



### (9) എക്യുമെനിക്കൽ ക്വിസ് മത്സരം

ബഹറിൻ മാർത്തോമ്മാ യുവജനസഖ്യം സംഘടിപ്പിച്ച എക്യുമെനിക്കൽ ക്വിസ് മത്സരത്തിൽ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിനെ പ്രതിനിധീകരിച്ച് പ്രസ്ഥാന അംഗങ്ങളായ ശ്രീ. അനിൽ ചാക്കോ, ശ്രീ. അനു റ്റി. കോശി, ശ്രീ. ഷിജു കെ. ഉമ്മൻ എന്നിവർ പങ്കെടുക്കുകയും ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.



### (10) സമർപ്പണ പ്രാർത്ഥന

പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വി. വലിയ നോമ്പിലെ എല്ലാ ബുധനാഴ്ചകളിലും നടത്തി വന്ന 'സമർപ്പണ ശുശ്രൂഷ' ഇടവകയിലെ എല്ലാ വിഭാഗം ജനങ്ങൾക്കും അനുഗ്രഹപ്രദമായിരുന്നു. ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ. സുമേഷ് അലക്സാണ്ടറോടുള്ള നന്ദി അറിയിക്കുന്നു

### (11) സർഗ്ഗോത്സവ് 2013

എല്ലാ മാസത്തിലെയും നാലാമത്തെ ശനിയാഴ്ച പ്രസ്ഥാനം പ്രവർത്തകരുടെ സർഗ്ഗാത്മകമായ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിന് ക്വിസ് മത്സരങ്ങൾ, ബൈബിൾ റഫറൻസ്, സ്കിറ്റ് മത്സരം, വാക്യമത്സരം, സമൂഹഗാന മത്സരം എന്നിവ ഉൾപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.



### (12) ദുഃഖവെള്ളി, ഈസ്റ്റർ നേർച്ച വിതരണം

ദുഃഖവെള്ളിയാഴ്ച ആരാധനയ്ക്കു ശേഷം നല്കിയ കഞ്ഞി വിതരണത്തിന് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 5 കഞ്ഞി വിതരണ കൗണ്ടറുകളിലും, ഈസ്റ്റർ ദിനത്തിലെ നേർച്ച വിതരണത്തിനും പ്രസ്ഥാനം പ്രവർത്തകർ വളരെ സജീവമായി പങ്കെടുത്തു.



### (13) സ്നേഹദൂത് ചാരിറ്റി പ്രോജക്ട് - ഈസ്റ്റർ ദിനം

സ്നേഹദൂത് കാർഡ് വില്പനയിലൂടെ ലഭിച്ച വരുമാനത്തിൽ നിന്നും, ഈസ്റ്റർ ദിനത്തിൽ ബോംബെയിലെ ചേരിയിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണം നല്കുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു.





### (14) മെഗാഫെയർ ഫുഡ്സ്റ്റാൾ

മെയ് 3-ാം തീയതി നടന്ന കത്തീഡ്രൽ മെഗാ ഫെയറിനോടനുബന്ധിച്ച് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഒരു ഫുഡ് സ്റ്റാൾ നടത്തുകയും അതിൽനിന്നും ലഭിച്ച വരുമാനം കത്തീഡ്രലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സംഭാവന നല്കുകയും ചെയ്തു.



### (15) യാത്രയയപ്പ്

ഇടവകയിലെ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കി നാട്ടിലേക്ക് മടങ്ങിയ കത്തീഡ്രൽ വികാരിയും, യുവജന പ്രസ്ഥാനം പ്രസിഡന്റുമായ ജേക്കബ് കോശിയച്ചന് മെയ് 11-ാം തീയതി കൂടിയ യോഗത്തിൽ വെച്ച് സമുചിതമായ യാത്രയയപ്പ് നല്കി.




### (16) അനുശോചനം:

### (അഭി. ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനി)

മലങ്കര സഭയുടെ സീനിയർ മെത്രാപ്പോലീത്താമാരിൽ ഒരാളും, കോട്ടയം ഭദ്രാസനാധിപനുമായിരുന്ന അഭി. ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ ദേഹ വിയോഗത്തിൽ 13/04/2013 ൽ കൂടിയ യോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

### (17) സ്വീകരണം

കത്തീഡ്രലിന്റെ പുതിയ വികാരിയും, യുവജന പ്രസ്ഥാനം പ്രസിഡന്റുമായി ജൂൺ 1-ാം തീയതി മുതൽ ചുമതലയേറ്റ ബഹുമാനപ്പെട്ട വർഗ്ഗീസ് യോഹന്നാൻ വട്ടപ്പറമ്പിലച്ചന് സ്വീകരണം നൽകുകയും, അച്ചന്റെ പ്രവർത്തനങ്ങൾക്ക് യുവജന പ്രസ്ഥാനത്തിന്റെ ആശംസകൾ അറിയിക്കുകയും ചെയ്തു.



### (18) ഫുഡ് കൗണ്ടർ - ഒ.വി.ബി.എസ്സ്

ജൂലൈ 5-ാം തീയതി **OVBS FINAL DAY** യോടനുബന്ധിച്ച് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ രുചികരമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഫുഡ് കൗണ്ടർ നടത്തി.

